REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** **16-07-2024** **സമയം** **06.45 AM**

---

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് കനത്ത മഴയിൽ വ്യാപക നാശനഷ്ടം. പലയിടത്തും വീടുകൾ തകർന്നു. കണ്ണൂരിൽ ഒരു മരണം. പാലക്കാട്ട് ഒഴുക്കിൽപ്പെട്ട് ഒരാളെ കാണാതായി.**
- **അതി തീവ്ര മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.**
- **ഇന്ന് കർക്കിടകം ഒന്ന്. രാമായണ മാസാചരണത്തിന് തുടക്കം.**
- **മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് അടുത്ത ആറ് മാസത്തിനുള്ളിൽ മുഖം നോക്കാതെ കർശന നടപടിയുണ്ടാകുമെന്ന് മന്ത്രി M.B രാജേഷ്.**
- **KPCC സംസ്ഥാന ക്യാമ്പ് എക്സിക്യുട്ടീവ് ഇന്ന് വയനാട് സുൽത്താൻ ബത്തേരിയിൽ ആരംഭിക്കും.**

## വാർത്തകൾ വിശദമായി

**സംസ്ഥാനത്ത് വ്യാപക മഴയിൽ കനത്ത നാശനഷ്ടം. പലയിടത്തും വീടുകൾ തകർന്നു. ജില്ലകളിൽ കനത്ത മഴ തുടരുന്നതായാണ് റിപ്പോർട്ട്.**

✪✪✪

**ബംഗാൾ ഉൾക്കടലിൽ ന്യൂനമർദം രൂപപ്പെട്ടതിനെയും കാലവർഷക്കാറ്റ് ശക്തി പ്രാപിച്ചതിനെയും തുടർന്ന് സംസ്ഥാനത്ത് അടുത്ത നാലു ദിവസം അതിശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.**

ഇന്ന് അതിതീവ്രമഴയ്ക്ക് സാധ്യത കണക്കിലെടുത്ത് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട് ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് മഞ്ഞ ജാഗ്രതയാണ്.

കേരള -കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ വെള്ളിയാഴ്ച വരെ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കണ്ണൂർ മട്ടന്നൂരിനടുത്ത് കോളാരി കുംഭം മൂലയിൽ വീടിനടുത്തെ വെള്ളക്കെട്ടിൽ വീണ് സ്ത്രീ മരിച്ചു. കോളാരിയിലെ കുഞ്ഞാമിന ആണ് മരിച്ചത്.

✪✪✪

കനത്ത മഴയിൽ പാലക്കാട്ട് മുതുകുന്നിൽ പുഴയിൽ, ഒഴുകി വരുന്ന തേങ്ങ ശേഖരിക്കാൻ പോയ നാലു പേരിൽ ഒരാളെ ഒഴുക്കിൽപെട്ട് കാണാതായി. അയിലൂർ മുതുകുന്ന് പുത്തൻവീട്ടിൽ രാജേഷ് ആണ് ഒഴുക്കിൽപ്പെട്ടത്.

✪✪✪

കാസർഗോഡ് ജില്ലയിൽ കനത്ത മഴ തുടരുകയാണ്. പുഴകളിലും, തോടുകളിലും വെള്ളം ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ. .........

..............(വോയ്സ് )............

✪✪✪

കണ്ണൂർ ജില്ലയിൽ തുടരുന്ന കനത്ത മഴയും കാറ്റും വ്യാപക നാശനഷ്ടമുണ്ടാക്കി. മരം കടപുഴകി വീണ് നിരവധി വീടുകൾക്ക് കേടുപറ്റി. മാങ്ങാട്ടുപറമ്പിലെ കെ.എ.പി നാലാം ബറ്റാലിയൻ ആസ്ഥാ നത്തെ പോലീസ് പരേഡ് ഗ്രൗണ്ടിലെ കൂറ്റൻ പവലിയൻ ശക്തമായ കാറ്റിൽ നിലംപൊത്തി. അപകടം നടക്കു ന്ന സമയത്ത് പരിശീലനത്തിനായി ഗ്രൗണ്ടിൽ ഉണ്ടായിരുന്ന പോലീസ് ട്രെയിനികൾ തലനാ രിഴയ്ക്കാണ് രക്ഷപ്പെട്ടത്.

കണ്ണൂർ കക്കാട് പുഴ കര കവിഞ്ഞതിനെ തുടർന്ന് പള്ളിപ്രം റോഡിൽ വെള്ളം കയറി ഗതാഗതം ഭാഗികമായി തടസ്സപ്പെട്ടു.

✪✪✪

കോഴിക്കോട് ജില്ലയിൽ മരം വീണ് 12 വീടുകൾ ഭാഗികമായി തകർന്നു. കാവിലുംപാറയിലും നീലേശ്വരത്തും രണ്ടു വീട്ടുകാരെ മാറ്റി പാർപ്പിച്ചു.

ചാലിയത്ത് വിറകുപുര ഇടിഞ്ഞ് വീണ് നിർത്തിയിട്ട ഓട്ടോ തകർന്നു. രാമനാട്ടുകരയിൽ സ്കൂൾ കോമ്പൗണ്ടിന്റെ മണ്ണിടിഞ്ഞ് ഇട വഴി തകർന്നു.

✪✪✪

കോട്ടയത്ത് കാറ്റിലും, മഴയിലും വ്യാപക നാശനഷ്ടം. കുമ്മനം ഇളങ്കാവ് ദേവീക്ഷേത്ര അങ്കണത്തിലെ നൂറ്റാണ്ടുകൾ പഴക്കം വരുന്ന വൻ കാഞ്ഞിരം മരം കടപുഴകി വീണ് ആനക്കൊട്ടിൽ ഉൾപ്പെടെ തകർന്നു.

കോട്ടയം നഗരമധ്യത്തിൽ ശാസ്ത്രീ റോഡിൽ കാറിനു മുകളിൽ മരം വീണു.

✪✪✪

ഇടുക്കി - കട്ടപ്പന റോഡിലേക്ക് കൂറ്റൻ പാറക്കൂട്ടം പതിച്ചു ഇന്നലെ വൈകിട്ട് ഗതാഗതം പൂർണ്ണമായും തടസപ്പെട്ടു.

അടിമാലി ടൗണിന് സമീപം ദേശിയപാതയിൽ മണ്ണിടിച്ചിലുണ്ടായി.

അടിമാലിയിൽ കോയിക്കക്കുടി ജംഗ്ഷന് സമീപം പപ്പടനിർമ്മാണ യൂണിറ്റിനുള്ളിലേക്ക് മൺതിട്ട ഇടിഞ്ഞു വീണു യൂണിറ്റിലെ യന്ത്രസാമഗ്രികൾക്ക് കേടുപാടു സംഭവിച്ചു.

✪✪✪

ഇടുക്കി കല്ലാർകുട്ടി അണക്കെട്ട് തുറന്നു. മൂന്നാമത്തെ ഷട്ടർ അര അടി ഉയർത്തിയാണ് വെള്ളം പുറത്തേക്കൊഴുക്കുന്നത്. മുതിരപ്പുഴയുടെയും പെരിയാറിന്റെയും തീരങ്ങളിലുള്ളവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ നിർദ്ദേശിച്ചു.

✪✪✪

പത്തനംതിട്ട ജില്ലയിൽ ഇന്നലെ വൈകിട്ട് കനത്ത കാറ്റിലും മഴയിലും 16 വീടുകൾക്ക് നാശനഷ്ടം നേരിട്ടു.

കല്ലൂപ്പാറ വില്ലേജിൽ നിർമാണത്തിലിരുന്ന വീടിനു മുകളിൽ തേക്കുമരം വീണു അന്യ സംസ്ഥാന തൊഴിലാളിക്കു പരിക്കേറ്റു.

✪✪✪

സംസ്ഥാനത്ത് പ്രത്യേകിച്ച് മധ്യ കേരളത്തിൽ കനത്ത കാറ്റിൽ മരങ്ങൾ വീണും മറ്റും വലിയ നാശനഷ്ടമാണ് വൈദ്യുതി വിതരണ സംവിധാനത്തിന് ഉണ്ടായിരിക്കുന്നതെന്ന് KSEB അറിയിച്ചു. നൂറുകണക്കിന് എച്ച്.ടി. പോസ്റ്റുകളും എൽ.ടി. പോസ്റ്റുകളും തകർന്നിട്ടുണ്ട്. നിരവധി ട്രാൻസ്ഫോർമറുകൾക്ക് കേടുപാടു സംഭവിച്ചു. ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടമാണ് പ്രാഥമികമായി കണക്കാക്കിയിരിക്കുന്നതെന്നും KSEB പറഞ്ഞു.

മരക്കൊമ്പ് വീണും മറ്റും വൈദ്യുതിക്കമ്പികൾ പൊട്ടിക്കിടക്കാനോ ചാഞ്ഞുകിടക്കാനോ സാധ്യതയുണ്ടെന്നും, പുറത്തിറങ്ങുമ്പോൾ ജനങ്ങൾ തികഞ്ഞ ജാഗ്രത പാലിക്കണമെന്നും വൈദ്യുതി ബോർഡ് അറിയിച്ചു.

✪✪✪

ഇന്ന് കർക്കിടകം ഒന്ന്, രാമായണ മാസത്തിന് തുടക്കം. ഹൈന്ദവ ഭവനങ്ങളിലും, ക്ഷേത്രങ്ങളിലും, രാമായണ പാരായണം ആരംഭിച്ചു. ആചാരങ്ങൾക്കും, ചികിത്സകൾക്കും ഏറെ പ്രാധാന്യമുള്ള കർക്കിടകമാസത്തിന്റെ തുടക്കത്തിൽ രാമായണപാരായണം ആരംഭിച്ച് മാസാവസാനത്തോടെ രാമായണം വായിച്ച് തീർക്കണം എന്നാണ് ആചാരം.

രാമായണമാസത്തിൽ നാലമ്പല ദർശനം വിശ്വാസികൾക്ക് പ്രധാനമാണ്. പരമ്പരാഗത വിധിപ്രകാരം സുഖചികിത്സകളും, വാവുബലിയും ഈ മാസത്തിന്റെ പ്രത്യേകതകളാണ്. ഐശ്വര്യത്തിനായി ശീപോതിവയ്ക്കുന്ന ആചാരവും, ഈ മാസത്തിൽ അനുഷ്ഠിക്കാറുണ്ട് .

✪✪✪

ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ രാവിലെ സെക്രട്ടേറിയറ്റ് ഉദ്യാനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. മൺചട്ടിയിലും നിലത്തുമായി 13 ഇനം പച്ചക്കറികൾ സെക്രട്ടേറിയറ്റ് അങ്കണത്തിലെ കൃഷിക്ക് വേണ്ടി ഉപയോഗിക്കും. ഓണത്തിന് വിളവെടുപ്പ് ഉദ്ദേശിച്ച് ഓറഞ്ച് /മഞ്ഞ നിറത്തിൽ 1,200 ഹൈബ്രിഡ് ജമന്തി തൈകളും സെക്രട്ടറിയേറ്റ് അങ്കണത്തിൽ നടാൻ തീരുമാനിച്ചിട്ടുണ്ട്.

✪✪✪

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് അടുത്ത ആറ് മാസത്തിനുള്ളിൽ മുഖം നോക്കാതെ കർശന നടപടിയുണ്ടാകുമെന്ന് മന്ത്രി M.B രാജേഷ് അറിയിച്ചു. ആവശ്യമെങ്കിൽ ദുരന്തനിവാരണ നിയമം ഉൾപ്പെടെ പ്രയോഗിക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

സംസ്ഥാനത്തെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് കഴിഞ്ഞ ഒരു വർഷമായി ഗവൺമെന്റ് തീവ്രശ്രമം നടത്തുന്നുണ്ട്. ഇതിൽ നല്ല നേട്ടമുണ്ടാക്കുകയും ചെയ്തു. അതിനിടെയാണ് റെയിൽവേയുടെ അധീനതയിലെ പ്രദേശത്ത് മാലിന്യം നീക്കം ചെയ്യാനിറങ്ങിയ ആൾ ഒഴുക്കിൽപെട്ട് മരിക്കുന്ന സംഭവം ഉണ്ടായത്. കോർപറേഷനോ ഗവൺമെന്റിനോ നേരിട്ട് ഇടപെടാനാകാത്ത സ്ഥലമാണ് റെയിൽവേയുടേതെന്നും, റെയിൽവേ നിയമപ്രകാരം റെയിൽവേയുടെ സ്ഥലത്ത് മാലിന്യ നീക്കത്തിൽ ഇടപെടുന്നത് അവർ തടയുകയായിരുന്നുവെന്നും MB രാജേഷ് പറഞ്ഞു.

✪✪✪

ഈ വർഷത്തെ ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മന്ത്രി V.N വാസവൻ

അറിയിച്ചു. ദേവസ്വം മന്ത്രിയായി ചുമതലയേറ്റ ശേഷം ആദ്യമായി ശബരിമല സന്ദർശനത്തിനായി പമ്പയിൽ എത്തിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. മകരവിളക്കുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനായി ദേവസ്വം ബോർഡ് പ്രസിഡന്റ്, അംഗങ്ങൾ, ജനപ്രതിനിധികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം ഇന്ന് രാവിലെ 11 ന് പമ്പയിൽ ചേരുമെന്ന് മന്ത്രി അറിയിച്ചു.

അതിനിടെ, ശബരിമലയിൽ കർക്കടക മാസപൂജയ്ക്കായി ഇന്നലെ വൈകിട്ട് നട തുറന്നു. കനത്ത മഴയിലും നിരവധി തീർഥാടകർ ദർശനത്തിനായി എത്തിയിട്ടുണ്ട്.

✪✪✪

തിരുവനന്തപുരം- നിസാമുദ്ദീൻ രാജധാനി എക്സ്പ്രസിന് തിരൂരിൽ സ്റ്റോപ് അനുവദിക്കണമെന്ന് സംസ്ഥാനത്ത് റെയിൽവേയുടെ ചുമതല വഹിക്കുന്ന മന്ത്രി V.അബ്ദുറഹിമാൻ കേന്ദ്ര റെയിൽവേ മന്ത്രിയോടും ഉന്നത ഉദ്യോഗസ്ഥരോടും ആവശ്യപ്പെട്ടു. മലപ്പുറം ജില്ലയിലെ ഏറ്റവും വാണിജ്യപ്രധാന്യവും യാത്രാ തിരക്കുമുള്ള റെയിൽവേ സ്റ്റേഷനാണ് തിരൂർ എന്ന് മന്ത്രി പറഞ്ഞു.

✪✪✪

വടകര മേഖലയിൽ ദേശീയപാത നിർമാണത്തിലെ അപകാതകൾ പരിശോധിക്കുന്നതിന് സംയുക്ത സംഘം സ്ഥലം സന്ദർശിക്കണമെന്ന് ഷാഫി പറമ്പിൽ MP, കേന്ദ്ര ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി തിരുവനന്തപുരത്ത് മുഖ്യമന്ത്രി വിളിച്ചു ചേർത്ത എംപിമാരുടെ യോഗത്തിൽ ആവശ്യപ്പെട്ടു. സംസ്ഥാന പൊതുമരാമത്ത് വകുപ്പും ദേശീയ പാതാ വിഭാഗം ഉന്നത ഉദ്യോഗസ്ഥരും കരാറെടുത്ത കമ്പനിയിലെ പ്രതിനിധികളും തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉൾപ്പെട്ടതായിരിക്കണം സംഘമെന്നും അദ്ദേഹം പറഞ്ഞു.

മടപ്പള്ളി, മുക്കാളി മേഖലയിൽ വലിയ തോതിൽ മണ്ണിടിച്ചിലുണ്ടായെന്നും, ചോറോട് മേഖലയിൽ പല പ്രദേശങ്ങളും വെള്ളത്തിനടിയിലായെന്നും, വീടുകളിൽ വരെ വെള്ളം കയറിയെന്നും അദ്ദേഹം പറഞ്ഞു. തലശേരി - മൈസൂർ റെയ്ൽപ്പാത യാഥാർഥ്യമാക്കാൻ കർണാടകയുമായി ചർച്ച പുനഃരാരംഭിക്കണമെന്നും ഷാഫി പറമ്പിൽ ആവശ്യപ്പെട്ടു.

✪✪✪

KPCC സംസ്ഥാന ക്യാമ്പ് എക്സിക്യൂട്ടീവ് ഇന്ന് വയനാട് സുൽത്താൻ ബത്തേരിയിൽ ആരംഭിക്കും. രാവിലെ AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ ഉദ്ഘാടനം ചെയ്യും. ലോക്സഭാ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്തുണ്ടായ നേട്ടം, വരുന്ന തദ്ദേശ തിരഞ്ഞെടുപ്പ്, ലോക്സഭാ-നിയമസഭാ ഉപതിരഞ്ഞെടുപ്പുകൾ എന്നിവ യോഗം ചർച്ച ചെയ്യും. പ്രവർത്തന മാർഗരേഖയ്ക്കും യോഗം രൂപം നൽകും.

രാഷ്ട്രീയകാര്യ സമിതി അംഗങ്ങൾ, KPCC ഭാരവാഹികൾ എന്നിവരടക്കം 123 പ്രതിനിധികൾ രണ്ടു ദിവസത്തെ ക്യാമ്പിൽ പങ്കെടുക്കും.

✪✪✪

മലപ്പുറം ജില്ലയിൽ വയറിളക്കത്തെ പ്രതിരോധിക്കാൻ സ്റ്റോപ്പ് ഡയേറിയ കാംപയിൻ നടത്തും. വിദ്യാലയങ്ങൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ തുടങ്ങി എല്ലാ സ്ഥാപനങ്ങളിലും കൈകഴുകാൻ സോപ്പ് നിർബന്ധമായും ലഭ്യമാക്കണമെന്ന് ജില്ലാ കളക്ടർ വി.ആർ വിനോദ് സ്റ്റോപ്പ് ഡയേറിയ കാംപയിന്റെ ഭാഗമായി കളക്ടറേറ്റിൽ ചേർന്ന ജില്ലാ ടാസ്ക് ഫോഴ്സ് ഇനീഷ്യേറ്റിവ് യോഗത്തിൽ നിർദേശിച്ചു.

ആഘോഷച്ചടങ്ങുകളിൽ നിന്ന് വെൽകം ഡ്രിങ്ക് പൂർണമായും ഒഴിവാക്കണമെന്നും കളക്ടർ പറഞ്ഞു. മഞ്ഞപ്പിത്തം, വയറിളക്കം തുടങ്ങിയ ജലജന്യരോഗങ്ങൾ പടരുന്നതിന് വെൽകം ഡ്രിങ്ക് കാരണമാകുന്നതായി ആരോഗ്യവകുപ്പിന്റെ പഠനങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും കളക്ടർ അറിയിച്ചു.

✪✪✪

സാമൂഹ്യ മാധ്യമങ്ങളിലൂടെ സ്ത്രീകളെ അപകീർത്തിപ്പെടുത്തുന്നത് വർധിച്ചു വരികയാണെന്നും ഇത്തരം പരാതികളിൽ കർശന നിലപാട് സ്വീകരിക്കുമെന്നും സംസ്ഥാന വനിതാ കമ്മിഷൻ അംഗം P. കുഞ്ഞായിഷ പറഞ്ഞു. കാസർകോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാതല അദാലത്തിന് ശേഷം സംസാരിക്കുകയായിരുന്നു അവർ .

✪✪✪

പ്രമുഖ മത പണ്ഡിതൻ മലപ്പുറം ചങ്ങരംകുളം കക്കിടിപ്പുറം മൂർക്കഞ്ഞാലിൽ വൈകത്ത് വളപ്പിൽ അബ്ദുൽ റഹ്മാൻ മുസ്‌ലിയാർ നിര്യാതനായി. അദ്ദേഹത്തിന് 86 വയസ്സായിരുന്നു.

ഖബറടക്കം 11 30 ന് കക്കിടിപ്പുറം കുന്നത് ജുമാ മസ്ജിദ് കബർ സ്ഥാനിൽ നടക്കും .

✪✪✪

സംസ്ഥാന ഗവൺമെന്റ് പന്ത്രണ്ടാം ശമ്പള പരിഷ്കരണ കമ്മിഷനെ ഉടൻ നിയമിക്കണമെന്നും, ഇടക്കാലാശ്വാസം അനുവദിക്കണമെന്നും NGO അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ചവറ ജയകുമാർ ആവശ്യപ്പെട്ടു. അതിരൂക്ഷമായ വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുന്ന സാഹചര്യത്തിൽ 20% ഇടക്കാലാശ്വാസമനുവദിക്കണമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. ജൂലൈ 1 ന് നടപ്പിലാക്കേണ്ട ശമ്പള പരിഷ്കരണത്തിന് നാളിതുവരെ കമ്മീഷനെ പോലും നിയമിക്കാതെ ഗവൺമെന്റ് ജീവനക്കാരെയും അധ്യാപകരെയും വഞ്ചിക്കുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

✪✪✪